## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2392** **18.06.2014-ലെ മറുപടിക്ക്**

**സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനത്തിന് പ്രത്യേക മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ;<br>ബി) സർക്കാരിതര മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ഫീസ്ഘടന വ്യക്തമാക്കുമോ; | എ&ബി) 2014-15 അധ്യയന വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് ഫെഡറേഷനുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം എൻ.ആർ. ഐ. സീറ്റ് ഒഴികെയുള്ള മുഴുവൻ സീറ്റിലേക്കും മുൻ വർഷത്തേതു പോലെ നാലു ലക്ഷം രൂപയും എൻ.ആർ.ഐ. സീറ്റിലേക്ക് ഈ വർഷം 10 ലക്ഷം രൂപയുമാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. |
| സി) മെഡിക്കൽ പ്രവേശനത്തിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; | സി) ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം സർക്കാർ ക്വാട്ടയിലേക്കുള്ള മെഡിക്കൽ പ്രവേശനത്തിന്റെ ഒന്നാംഘട്ട അലോട്ട്മെന്റ് പ്രക്രിയ ജൂൺ 25നകം നടത്തേണ്ടതാണ്. |
| ഡി) ന്യൂനപക്ഷപദവിയുള്ള സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും മറ്റ് സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും ഒരേ നിരക്കിലുള്ള ഫീസാണോ ഏർപ്പെടുത്തുന്നത് എന്ന് വിശദമാക്കുമോ? | ഡി) സർക്കാരുമായി മെഡിക്കൽ മാനേജ്മെന്റുകൾ ഒപ്പുവയ്ക്കുന്ന കരാറുകൾക്ക് അനുസൃതമായാണ് ഫീസ് നിശ്ചയിക്കുന്നത്. ന്യൂനപക്ഷ പദവി ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമല്ല. |

സെക്ഷൻ ഓഫീസർ